# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3684 | 17.12.2015-ൽ മറുപടിക്ക്

### മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പോസ്റ്റൽ വോട്ട് കവർ പൊട്ടിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 06.11.2015 - ൽ മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് ടി.എൻ. പ്രതാപൻ, എം.എൽ.എ, ടി.യു. രാധാകൃഷ്ണൻ, എക്സ്. എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ പോസ്റ്റൽ വോട്ടുകൾ കവർപൊട്ടിച്ച് തിരുത്തിയതും നശിപ്പിച്ചതുമായ പരാതിയിൻമേൽ നടന്നുവരുന്ന അന്വേഷണം ഏതു ഘട്ടത്തിലാണ്; പ്രസ്തുത കേസ്സിൽ ആരെയെല്ലാം പ്രതി ചേർത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്; | (എ) ഇതു സംബന്ധിച്ച് മാള പോലീസ് സ്റ്റേഷൻ ക്രൈം നം. 1298/15 u/s 136(1) c, d, f, g & 2(a) Representation of People Act 1951, Sec. 138 Panchayath Raj Act 1994 & Sec. 3(1) of PDPP Act 1984 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഒന്നാം പ്രതിയായി എം.സി. പ്രദീപ്, രണ്ടാം പ്രതിയായി റ്റി.പി. സജീവൻ (ആരോഗ്യ വകുപ്പ്) എന്നിവരെ പ്രതി ചേർത്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ അന്വേഷണഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് എ.ഡി.എം. സമർപ്പിച്ചിട്ടുണ്ടോ; പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ബി) അന്വേഷണ റിപ്പോർട്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് & ഡെപ്യൂട്ടി കളക്ടർ (ജനറൽ) സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് വരുന്നു. പരാതി ഉയർന്ന ദിവസം തന്നെ പോസ്റ്റൽ ബാലറ്റുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനായിരുന്ന മാള ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. എം.സി. പ്രദീപിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ